# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6384

31.10.2011-ൽ മറുപടിക്ക്.

## എമർജിംഗ് കേരള നിക്ഷേപക സംഗമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരള-നിക്ഷേപക സംഗമത്തിലേക്ക് ഏതെല്ലാം സംരംഭകർ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികൾ ആരംഭിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ; | (എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ അവതരിപ്പി--ക്കേണ്ട പദ്ധതികൾ തയ്യാറാക്കി വരികയാണ്. ഇതിന് ശേഷം മാത്രമേ ആകെ എത്ര മൂലധന നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്ന് പറയുവാൻ സാധിക്കുകയുള്ളു. |
| (ബി) ഈ സംരംഭകരുമായി സർക്കാർ പ്രതിനിധികൾ ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ടോ ; | (ബി) ചില നിക്ഷേപകരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ സംരംഭകർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ചർച്ചകളുടെ വിശദാംശവും വെളിപ്പെടുത്താമോ ? | (സി) ഐ.ടി, ടൂറിസം, ആരോഗ്യം, എഞ്ചിനീയറിംഗ് & ആട്ടോമോട്ടീവ്, വ്യാപാരം, ഫുഡ് & അഗ്രോ പ്രോസസ്സിംങ്ങ്, ജുവലറി, ടെക്സ്റ്റൈയിൽസ്, പോർട്ട്, ബയോടെക്നോളജി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, പെട്രോ കെമിക്കൽസ്, വാതകാധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനം, എൻവയോൺമെന്റ് ടെക്നോളജി, എയർപോർട്ട്, ജലവിതരണം, റെയർ എർത്ത് മിനറൽസ്, ഇലക്ട്രോണിക്, വിദ്യാഭ്യാസം, ഗ്രീൻ എനർജി, നഗര അടിസ്ഥാന സൗകര്യ വികസനം, ലോജിസ്റ്റിക്സ് പാർക്ക്, ഇൻഫോടെയിൻമെന്റ്, വാട്ടർ ടെക്നോളജീസ്, അടിസ്ഥാന വ്യവസായ വികസനം, സെന്റേർസ് ഓഫ് എക്സെലൻസ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ തെരഞ്ഞെടുക്കപ്പെട്ട 26 മേഖലകളിലുള്ള വ്യവസായങ്ങൾക്കാണ് ഈ സംരഭക പരിപാടിയിൽ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ